7. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,

തരിയോട് :

മെഡിക്കൽ ഓഫീസർ - 1.

(സി) മെഡിക്കൽ ഓഫീസർ തസ്തികകളിൽ പി. എസ്.സി. മുഖേനയും സീനിയർ മെഡിക്കൽ ഓഫീസർ, സീനിയർ മെഡിക്കൽ ഓഫീസർ തസ്തികകളിൽ സ്ഥാനക്കയറ്റം വഴിയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മലപ്പുറം ജില്ലയിലെ യുനാനി ആശുപത്രികൾ

27 (6177) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എത്ര യുനാനി ആശുപത്രികൾ നിലവിലുണ്ട് ; അത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം മണ്ഡലത്തിലെ ആനക്കയം പഞ്ചായത്തിൽ യുനാനി ആശുപത്രി ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(സി) അതിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ യുനാനി ആശുപത്രി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ എൻ.ആർ.എച്ച്.എം. പദ്ധതിയിൻ കീഴിൽ ആരംഭിച്ച 6 യുനാനി ഡിസ്പെൻസറികൾ നിലവിലുണ്ട്. ഇവ തിരുവാലി, മഞ്ചേരി (മുനിസിപ്പാലിറ്റി), മാറാക്കര, വളവന്നൂർ, പെരിയമുണ്ടം, വാഴക്കാട് എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.കളിലും സർക്കാർ ആശുപത്രികളിലും ഫുൾടൈം ഡോക്ടർമാർ

28 (6180) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി. എച്ച്. സി. കളിലും ഗവൺമെന്റ് ആശുപത്രികളിലും പി. എസ്. സി. നിയമിച്ച ഫുൾടൈം ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly